കേരള സർക്കാർ

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

# എടവിലങ്ങ് ഗ്രാമ പഞ്ചായത്ത്

# ഓഡിറ്റ് റിപ്പോർട്ട്

# 2015-16

ജില്ലാ ഓഡിറ്റ് കാര്യാലയം, തൃശ്ശൂർ

Email:dotsr.ksad@kerala.gov.in

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ ചീട്ട സഹിതം)

നം.കെ.എസ്.എ.ടി.എസ്.ആർ.(പി.3)1909/2016

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

ജില്ലാ ഓഡിറ്റ് കാര്യാലയം,

തൃശ്ശൂർ - 680 020

ഇമെയിൽ: dotsr.ksad@kerala.gov.in

ഫോൺ: 0487 2331249

തിയ്യതി: 17.11.2016

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന),

എടവിലങ്ങ് ഗ്രാമ പഞ്ചായത്ത്

സർ,

വിഷയം : എടവിലങ്ങ് ഗ്രാമപഞ്ചായത്ത് - 2015-16 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് - സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 215(4) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം എടവിലങ്ങ് ഗ്രാമപഞ്ചായത്തിന്റെ 2015-16. സാമ്പത്തികവർഷത്തെ ധനകാര്യപത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1) ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു. ഈ റിപ്പോർട്ടിലെ ഭാഗം ഭാഗം 3 ലെ 3-11 ഖണ്ഡികയിലേയ്ക്കും പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പഞ്ചായത്തിന്റെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ പഞ്ചായത്ത് എടുത്ത തീരുമാന ത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്- പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15).

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/ തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1)ചട്ടം 20,23, 1997 കേരളാ പഞ്ചായത്ത് രാജ് പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)എന്നിവ കാണുക)

വിശ്വസ്തതയോടെ,

ഡപ്യൂട്ടി ഡയറക്ടർ

<u>പകർപ്പ്</u> :

1)ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ,തിരുവനന്തപുരം (ഉപരിപത്രം സഹിതം)

2)പഞ്ചായത്ത് ഡപ്യൂട്ടി ഡയറക്ടർ,തൃശ്ശൂർ (ഉപരിപത്രം സഹിതം)

3)കാര്യാലയ പകർപ്പ്

നം കെ എസ് എ.ടി.എസ്.ആർ.(പി.3)1909/2016 തിയ്യതി: 17.11.2016

## തൃശ്ശൂർ ജില്ലയിലെ എടവിലങ്ങ് ഗ്രാമപഞ്ചായത്തിന്റെ 2015-16സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(4) , 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

തൃശ്ശൂർ ജില്ലയിലെ എടവിലങ്ങ് ഗ്രാമപഞ്ചായത്തിന്റെ 2015-16 സാമ്പത്തിക വർഷത്തെ ഭരണവും സാമ്പത്തിക നിയന്ത്രണങ്ങളും സംബന്ധിച്ച കാര്യങ്ങളും ധനകാര്യപത്രികയും ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. ഗ്രാമപഞ്ചായത്തിന്റെ 31.07.16 തിയ്യതി വരെയുള്ള വരവ് ചെലവ് കണക്കുകളുടെ വിശദമായ പരിശോധന പെർഫോമൻസ് ഓഡിറ്റ് വിഭാഗം പരിശോധിച്ച് 17-09-2016-ന് റിപ്പോർട്ട് പുറപ്പെടുവിച്ചിട്ടുള്ളതാണ്. പഞ്ചായത്ത് 01-04-2015 മുതൽ 31.03.2016 തിയ്യതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയിൽ പ്രസക്തമായ അപാകതകൊന്നും റിപ്പോർട്ട് ചെയ്തിട്ടില്ലാത്തതിനാൽ താഴെ പറയുന്ന രശീതികളുടെ പരിശോധനയും 01.04.15മുതൽ 31.03.2016 വിവിധ അക്കൗണ്ടുകളിലെ പിൻവലിക്കലുകളും ഓഡിറ്റിൽ പരോശാധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയതിന് ലഭ്യമായ മറുപടി പരിഗണിച്ച ശേഷം നിലനിൽക്കുന്ന പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിന്മേലുള്ള തുടർനടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്നു ലഭ്യമായ രജിസ്റ്ററുകൾ/രേഖകൾ/വിവരങ്ങൾ/വിശദീകരണം കേരള പഞ്ചായത്ത് രാജ് (പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും) ചട്ടങ്ങളിൽ നിർദ്ദേശിച്ച പ്രകാരമുള്ള പെർഫോമൻസ് ഓഡിറ്റിൽ പരിശോധനയ്ക്ക് വിധേയമാക്കിയ വിവരങ്ങൾ/ഓഡിറ്റ് റിപ്പോർട്ട് /ഗ്രാമപഞ്ചായത്തിൻെറ തീരുമാനം എന്നിവയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല. ഓഡിറ്റ് നടത്തിയതിന്റെ വിവരം, നിർവ്വഹണാധികാരികൾ എന്നിവയുടെ വിവരം അനുബന്ധമായി ഉൾപ്പെടുത്തിയിട്ടുണ്ട്.

ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ

| | |
|---|---|
| ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ | കെ.യു. ചേക്കുട്ടി, ഡെപ്യൂട്ടി ഡയറക്ടർ |
| ഓഡിറ്റിന് വിനിയോഗിച്ച സമയം | 13.10.2016 മുതൽ 23.10.2016 വരെ |
| ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ | പി.എ.ശിവൻ. ഓഡിറ്റ് ഓഫീസർ |
| | സീനത്ത്.പി.എ. അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ |
| | പി.ജി.സദാനന്ദൻ., അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ |
| | കിരൺകുമാർ. വൈ., സീനിയർ ഗ്രേഡ് ഓഡിറ്റർ |

നിർവ്വഹണാധികാരികൾ

പ്രസിഡണ്ട്

ശ്രീമതി.ഇന്ദിര.എം.വി. 01.04.2015 മുതൽ 31.10.15. വരെ

ശ്രീ.ടി.എം.ഷാഫി. 19.11.15 മുതൽ 31.03.16 വരെ.

സെക്രട്ടറി

ശ്രീ.സി.എം.പ്രേമാനന്ദ്. 01.04.2015 മുതൽ 23.07.15 വരെ

ശ്രീമതി.സിന്ധുമോൾ.വി.എസ്. – 24.07.2015 മുതൽ 04.01.2016 വരെ.

ശ്രീമതി.ദുർഗ്ഗാദേവി – 05.01.2016 മുതൽ 13.01.2016 വരെ.

ശ്രീ.വി.എം.സഹീർ – 14.01.2016മുതൽ 31.03.2016വരെ.

മറ്റ് നിർവ്വഹണോദ്യോഗസ്ഥർ

| | | |
|---|---|---|
| കൃഷി ഓഫീസർ | ഫാൻസി പരമേശ്വരൻ | 01.04.2015 മുതൽ 31.03.2016 വരെ. |
| അസിസ്റ്റന്റ് എഞ്ചിനീയർ | ശ്രീദേവി.എ.ആർ. | 01.04.2015 മുതൽ 31.03.2016 വരെ. |
| മെഡിക്കൽ ഓഫീസർ പി.എച്ച്.സി. | ഡോ.ബിന്ദു.കെ.ബി. | 01.04.2015 മുതൽ 31.03.2016 വരെ. |
| മെഡിക്കൽ ഓഫീസർ ഹോമിയോ | ഡോ.താഹിറ.പി.എ. | 01.04.2015 മുതൽ 31.03.2016 വരെ. |
| മെഡിക്കൽ ഓഫീസർ ആയുർവ്വേദം | ഡോ.ജെ.മഹാലിങ്കേശ്വര ഭട്ട് | 01.04.2015 മുതൽ 31.03.2016 വരെ. |
| വെറ്ററിനറി സർജൻ | ഡോ.ലക്ഷ്മിദേവി. | 01.04.2015 മുതൽ 31.03.2016 വരെ. |
| പ്രധാനാധ്യാപിക, ജി.എഫ്.എൽ.പി.എസ്. | ചാന്ദ്നി.എ.ബി. | 01.04.2015 മുതൽ 31.03.2016 വരെ. |
| വി.ഇ.ഒ. കാര സർക്കിൾ | സഹല.സി.എ. | 01.04.2015 മുതൽ 31.03.2016 വരെ. |
| വി.ഇ.ഒ. എടവിലങ്ങ് സർക്കിൾ | ഷജിത.കെ.ബി. | 01.04.2015 മുതൽ 31.03.2016 വരെ. |

| | | |
|---|---|---|
| അസിസ്റ്റന്റ് സെക്രട്ടറി | ദുർഗ്ഗാദേവി.കെ. | 01.04.2015 മുതൽ 31.03.2016 വരെ. |
| ഐ.സി.ഡി.എസ്. സൂപ്പർവൈസർ | സ്റ്റെല്ല.പി.എ. | 01.04.2015 മുതൽ 11.01.2016 വരെ |
| | ഡിനി വിൻസെന്റ് | 11.01.2016 മുതൽ 31.03.2016 വരെ. |
| സബ് ഇൻസ്പെക്ടർ ഓഫ് ഫിഷറീസ്. | സുമിത.ഇ.ബി. | 01.04.2015 മുതൽ 18.06.2015 വരെ. |
| | അൻസൽ.പി.എം. | 01.07.15 മുതൽ 31.03.2016 വരെ. (19.06.15-30.6.15 ഒഴിവ്) |

<u>ഉള്ളടക്കം</u>

ഭാഗം 1

<u>ഭരണവും സാമ്പത്തിക നിയന്ത്രണവും സംബന്ധിച്ച കാര്യങ്ങളുടെ പൊതു അവലോകനം.</u>

| ക്രമ നം. | ഇനം | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ് | 1(1) |
| 2 | വാർഷിക ധനകാര്യപത്രിക | 1(2) |
| 3 | വാർഷിക ധനകാര്യ പത്രിക പരിശോധിച്ച് ഓഡിറ്റ് സർട്ടിഫിക്കറ്റ് നൽകിയതിന്റെ വിവരം. | 1(3) |

| | | |
|---|---|---|
| 4 | സാമ്പത്തിക വിശകലനം | 1(4) |
| 5 | ഫണ്ട് വിനിയോഗം | 1(5) |
| 6 | പദ്ധതി അവലോകനം | 1(6) |
| 7 | തനത് വരുമാനം | 1(7) |
| 8 | ക്ഷേമപദ്ധതികൾ | 1(8) |
| 9 | ക്യാഷ് വെരിഫിക്കേഷൻ | 1(9) |
| 10 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1(10) |
| 11 | അനുബന്ധ പത്രികകൾ | 1(11) |

ഭാഗം-II

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 14-ാം വകുപ്പ്, കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 19 (1)1996 ലെ കേരള പഞ്ചായത്ത് രാജ് (പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും ) ചട്ടങ്ങളിലെ ചട്ടം 13, എന്നിവ പ്രകാരമുള്ള പരിശോധനയിൽ വരവിനങ്ങളിൻമേലുള്ള ഓഡിറ്റ് പരാമർശങ്ങൾ

| ക്രമ നം. | ഇനം | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | പരസ്യനികുതി ഈടാക്കിയിട്ടില്ല. | 2(1) |

ഭാഗം-III

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 14-ാം വകുപ്പ്, കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 19 (2)1996 ലെ കേരള പഞ്ചായത്ത് രാജ് (പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും ) ചട്ടങ്ങളിലെ ചട്ടം 13, എന്നിവ പ്രകാരമുള്ള പരിശോധനയിൽ കണ്ടെത്തിയ ചെലവിനങ്ങളിൻമേലുള്ള ഓഡിറ്റ് പരാമർശങ്ങൾ

| ക്രമ നം. | ഇനം | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ദിവസ വേതനം - അധിക നിരക്കിൽ നൽകി | 3(1) |
| 2 | വെള്ളക്കെട്ട് ഒഴിവാക്കൽ പ്രവൃത്തികൾ | 3(2) |

| | | |
|---|---|---|
| | തൊഴിലുറപ്പ് തൊഴിലാളികളെ ഏല്പിച്ചില്ല | |
| 3 | വെള്ളക്കെട്ട് ഒഴിവാക്കൽ പ്രവൃത്തികൾ തൊഴിലുറപ്പ് തൊഴിലാളികളെ ഏല്പിച്ചില്ല | 3(3) |
| 4 | വളം വാങ്ങൽ - അപാകതകൾ | 3(4) |
| 5 | സെക്രട്ടറി നടപ്പാക്കിയ പ്രോജക്ടുകൾ - രേഖകൾ ഹാജരാക്കിയിട്ടില്ല | 3(5) |
| 6 | വിവാഹ ധനസഹായം – അപേക്ഷ സമയപരിധിക്കുള്ളിൽ സ്വീകരിച്ചിട്ടില്ല. | 3(6) |
| 7 | ഭിന്നശേഷിയുള്ളവർക്ക് സഹായോപകരണങ്ങൾ -മാർഗ്ഗ നിർദ്ദേശം പാലിച്ചിട്ടില്ല. | 3(7) |
| 8 | പത്താംതരം തുല്യത – പരീക്ഷയെഴുതിയതിന്റെ വിവരങ്ങൾ ലഭ്യമല്ല. | 3(8) |
| 9 | ഭവന നിർമ്മാണം പൂർത്തീകരിച്ചിട്ടില്ല. ഭവന നിർമ്മാണം പൂർത്തീകരിച്ചിട്ടില്ല. | 3(9) |
| 10 | മത്സ്യതൊഴിലാളി കുടുംബങ്ങളിലെ വിദ്യാർത്ഥികൾക്ക് പഠനോപകരണങ്ങൾ -പദ്ധതി നടത്തിപ്പിലെ അപാകതകൾ. | 3(10) |
| 11 | പൊതുമരാമത്ത് പ്രവൃത്തികൾ- നിർവ്വഹണവും ആസൂത്രണവും | 3(11) |
| 12 | ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല. | 3(12) |
| 13 | വേടിത്തോട് പാർശ്വസംരക്ഷണം- ചെറുകിട ജലസേചനവകുപ്പിൽ നിന്നും അനുമതി ലഭിക്കും മുൻപേ പദ്ധതി | 3(13) |

| | | |
|---|---|---|
| | നടപ്പിലാക്കി. | |
| 14 | ടാറിങ് ഉൾപ്പെട്ടിട്ടില്ലാത്ത റോഡ് പ്രവൃത്തി ആവിഷ്കരിച്ച് നടപ്പിലാക്കി | 3(14) |
| 15 | വി.ഇ.ഒ, ലൈവ് സ്റ്റോക്ക് ഇൻസ്പെക്ടർ എന്നിവരുടെ കാര്യാലയം വൈദ്യുതീകരിക്കേണ്ടതാണ്. | 3(15) |
| 16 | തൊഴിലുറപ്പ് പദ്ധതി | 3(16) |

ഭാഗം-IV

ഓഡിറ്റ് പ്രത്യവലോകനം

| ക്രമ നം. | ഇനം | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം | 4(1) |
| 2 | ഡെപ്പോസിറ്റ് വർക്കിന് നൽകിയ തുകകൾ | 4(2) |
| 3 | മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത് | 4(3) |
| 4 | വായ്പ/വായ്പ തിരിച്ചടവ് | 4(4) |
| 5 | സ്ഥിരനിക്ഷേപങ്ങൾ | 4(5) |
| 6 | ഓഡിറ്റ് റിക്കവറി | 4(6) |
| 7 | സമാഹൃത ഓഡിറ്റ് റിപ്പോർട്ടുകളിൽ ഉൾപ്പെട്ട ഖണ്ഡികകളുടെ വിശദാംശം. | 4(7) |
| 8 | ആശുപത്രി വികസന സമിതികളുടെ | 4(8) |

| | | |
|---|---|---|
| | കണക്കുകൾ | |
| 9 | ഓഡിറ്റ് പ്രത്യവലോകനം | 4(9) |
| 10 | തീർപ്പാക്കാനവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകളുടെ വിവരം | 4(10) |

# ഭാഗം 1

## പൊതു അവലോകനം

## 1-1 ബജറ്റ്

| 2015-16 ലെ ബജറ്റ് പാസ്സാക്കിയ നം./തിയ്യതി | 111/16, 04.03.2016 ( പുതുക്കിയത്) |
|---|---|
| 1/25.03.15 | 1(a)/29.02.2016 |

## 1-2 വാർഷിക ധനകാര്യപത്രിക.

| സാമ്പത്തിക വർഷം | ഓഡിറ്റിൽ ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി |
|---|---|---|
| 2015-16 | 31.07.2016 | 23.07.16 |

## 1-3 വാർഷിക ധനകാര്യപത്രിക പരിശോധിച്ച് ഓഡിറ്റ് സർട്ടിഫിക്കറ്റ് നൽകിയതിന്റെ വിവരം

ഓഡിറ്റ് സർട്ടിഫിക്കറ്റ് പ്രകാരമുള്ള അപാകതകൾ താഴെ കൊടുക്കുന്നു.

1. സ്റ്റോക്ക് റിപ്പോർട്ട് തയ്യാറാക്കിയിട്ടില്ല.
2. ബജറ്റ് ഫങ്ഷൻ & ഫങ്ഷനറി അടിസ്ഥാനത്തിൽ തയ്യാറാക്കിയിട്ടില്ല.
3.ബജറ്റ് പ്രൊവിഷൻ പ്രകാരമുള്ള തുക ACR-ൽ രേഖപ്പെടുത്തിയിട്ടില്ല
4. പിരിഞ്ഞ് കിട്ടാനുള്ള തുകയ്ക്ക് പ്രൊവിഷൻ രേഖപ്പെടുത്തിയിട്ടില്ല.

## 1-4 സാമ്പത്തിക വിശകലനം

| | |
|---|---|
| മുൻബാക്കി | 16441347.72 |
| വരവ് | 28024572.00 |
| ആകെ | 44465919.72 |
| ചെലവ് | 35867096.00 |
| നീക്കിബാക്കി | 8598823.72 |

## 1-5 ഫണ്ട് വിനിയോഗം (അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്റർ പ്രകാരം)

| ഫണ്ടിനം | മുൻബാക്കി | വരവ് തുക | ആകെ തുക | ചെലവ് തുക public Fund Consolidated fund | ട്രാൻസ്ഫർ ക്രഡിറ്റ് | നീക്കിബാക്കി (RP 40 b പ്രകാരം) |
|---|---|---|---|---|---|---|
| വികസന ഫണ്ട് (ജനറൽ) | 3088560 | 6724498 | 9813058 | 8645004<br>1168054 | 0 | 0 |
| വികസന ഫണ്ട് (എസ്.സി.പി) | 261089 | 1722843 | 1983932 | 261089<br>1722843 | - | 0 |
| വികസനഫണ്ട് (ടി.എസ്.പി) | 14000 | 12000 | 26000 | 12000 | 14000 | 0 |
| സംരക്ഷണ ഗ്രാന്റ് (റോഡ്) | 370488 | 2813796 | 3184284 | 370488<br>2813796 | - | 0 |
| സംരക്ഷണ ഗ്രാന്റ് (റോഡിതരം) | 613663 | 2270212 | 2883875 | 6136663<br>2270212 | - | 0 |
| ധനകാര്യ കമ്മീഷൻ അവാർഡ് | 1581226 | 5281216 | 6862442 | 3671309<br>450000 | 2741133 | 0 |
| ലോക ബാങ്ക് സഹായം | 2801311 | 2666311 | 5467622 | 2666311 | 2801311 | 0 |

| | | | | | | |
|---|---|---|---|---|---|---|
| എൻ.ആർ.ഇ.ജി.എസ് | 0 | 572042 | 572042 | 566949 | 5093 | 0 |

# 1-6 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് | നടപ്പാക്കിയത് | ഭാഗികമായി നടപ്പാക്കിയത് | നടപ്പാക്കാത്തവ | പൂർത്തീകരിച്ച പദ്ധതികളുടെ ശതമാനം |
|---|---|---|---|---|
| 88 | 77 | - | 11 | 87.5% |

| നിർവ്വഹണോദ്യോഗസ്ഥർ | പദ്ധതികളുടെ എണ്ണം | നടപ്പാക്കിയത് | ആകെ അടങ്കൽതുക | ചെലവഴിച്ച തുക | ചെലവ്% |
|---|---|---|---|---|---|
| കൃഷിഓഫീസർ | 3 | 3 | 2122150 | 2119100 | 99.86 |
| വെറ്ററിനറി സർജൻ | 1 | 1 | 198000 | 114000 | 57.58 |
| മെഡിക്കൽ ഓഫീസർ പി.എച്ച്.സി. | 2 | 2 | 425000 | 252861 | 59.50 |
| മെഡിക്കൽ ഓഫീസർ ഹോമിയോ | 1 | 1 | 100000 | 100000 | 100 |
| മെഡിക്കൽ ഓഫീസർ ആയുർവ്വേദം | 2 | 2 | 300000 | 300000 | 100 |
| ഫിഷറീസ് സബ് ഇൻസ്പെക്ടർ | 1 | 1 | 100000 | 82950 | 82.95 |
| വി.ഇ.ഒ. | 7 | 6 | 5561900 | 4423000 | 79.53 |
| ഐ.സി.ഡി.എസ്. സൂപ്പർവൈസർ | 5 | 5 | 3165691 | 2629217 | 83.05 |
| സെക്രട്ടറി | 17 | 16 | 2388622 | 1836238 | 76.87 |
| ഹെഡ്മാസ്റ്റർ ജി.എഫ് .എൽ.പി. എസ്. | 5 | 5 | 327000 | 299470 | 91.58 |
| അസിസ്റ്റന്റ് എഞ്ചിനീയർ | 33 | 27 | 14030346 | 12795866 | 91.20 |
| അസിസ്റ്റന്റ് സെക്രട്ടറി | 11 | 8 | 1839000 | 875000 | 47.58 |
| ആകെ | 88 | 77 | 30557709 | 25827702 | 84.52 |

## 1-7 തനത് വരുമാനം.

| ഇനം | മുൻവർഷം | തൻവർഷം | വ്യത്യാസം | %(+)/(-) |
|---|---|---|---|---|
| നികുതി വരവുകൾ | 3374735 | 1939998 | (-)1434737 | (-)42.5 |
| നികുതിയേതര വരവുകൾ | 1194750 | 1412751 | 218001 | (+)18.2 |
| മറ്റ് വരവുകൾ (ഇനം തിരിച്ച്) | 7347913 | 5959839 | (-)1388074 | (-)18.89 |
| ആകെ | 11917398 | 9312588 | (-)2604810 | 21.85 |

## 1-8 സാമൂഹ്യക്ഷേമ പദ്ധതി മുഖേനയുള്ള നിർവ്വഹണത്തിലെ കാര്യപ്രാപ്തി.

| ക്രമ നം. | പദ്ധതി | 2015-16 ൽ ലഭിച്ച അപേക്ഷകൾ | നിശ്ചിത ദിവസത്തിനകം തീരുമാനെമടുത്തവ | നിരസിച്ചവ | കാലതാമസ മുണ്ടെങ്കിൽ പരിഹാര മാർഗ്ഗം. |
|---|---|---|---|---|---|
| 1 | കർഷകത്തൊഴിലാളി പെൻഷൻ | 09 | 05 | 04 | |
| 2 | തൊഴിൽ രഹിത വേതനം | 16 | 10 | 06 | |
| 3 | വിധവാ പെൻഷൻ | 96 | 41 | 55 | |
| 4 | വികലാംഗ പെൻഷൻ | 14 | 10 | 4 | |
| 5 | അവിവാഹിതരായ സ്ത്രീകൾക്കുള്ള പെൻഷൻ | 5 | 3 | 2 | |
| 6 | വാർദ്ധക്യകാല പെൻഷൻ | 104 | 73 | 31 | |

## 1-9 ക്യാഷ് വെരിഫിക്കേഷൻ

1994ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 6(4) പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 15.10.16ന് സ്ഥാപനത്തിലെ ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തി. 266/- രൂപ നീക്കിയിരിപ്പിന്റെ കൃത്യത പരിശോധിച്ച് ബോധ്യപ്പെട്ടു.

## 1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിൻെറ വിവരം

| ക്രമ നം | ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയ്യതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയ്യതി | ഗുരുതരമായ ഓഡിറ്റ് പരാമർശങ്ങൾ |
|---|---|---|---|---|---|
| 1 | പെർഫോമൻസ് ഓഡിറ്റ് | 15.10.16 | 8/2016 9/2016 | ലഭിച്ചിട്ടില്ല. | - |
| 2 | അക്കൗണ്ടൻറ് ജനറലിൻെറ ഓഡിറ്റ് | 07.07.04- 21.07.14 | 97-98 മുതൽ 2003-04വരെ | 30.09.14 | - |

## 1-11 അനുബന്ധ പത്രികകൾ

1 ഓഡിറ്റ് സർട്ടിഫിക്കറ്റ്

# ഭാഗം-2

## വരവ് കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 2-1 പരസ്യനികുതി ഈടാക്കിയിട്ടില്ല.

കേരള പഞ്ചായത്ത് രാജ് ആക്ട് സെക്ഷൻ 209 പ്രകാരം ഗ്രാമ പഞ്ചായത്ത് പ്രദേശത്ത് പ്രദർശിപ്പിക്കുന്ന പരസ്യങ്ങൾക്ക് നികുതി ഈടാക്കേണ്ടതാണ്. പഞ്ചായത്തിന് ഈയിനത്തിൽ തൻവർഷം വരവില്ല. മേൽ നികുതി ഈടാക്കുന്നതിന് നടപടികൾ സ്വീകരിക്കേണ്ടതാണ്.

# ഭാഗം-3

## ചെലവ് കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 3-1 ദിവസ വേതനം - അധിക നിരക്കിൽ നൽകി

ക്ലറിക്കൽ ജോലി ചെയ്യുന്നതിന് താല്ക്കാലികമായി നിയമിച്ച താഴെ പറയുന്ന ജീവനക്കാർക്ക് പ്രതിദിനം 450 രൂപ നിരക്കിൽ വേതനം നൽകിയതായി കാണുന്നു. ജി.ഒ.(പി)466/2014/ഫിൻ. തീയതി 28.10.2014 പ്രകാരം 1.10.14 മുതൽ ക്ലർക്കിന് 400 രൂപയാണ് നൽകാവുന്ന പ്രതിദിന വേതനം. ഈയിനത്തിൽ താഴെ പറയുംപ്രകാരം 3050 രൂപ അധികം നൽകിയിട്ടുണ്ട്.

| വൗച്ചർ നമ്പർ/തീയതി | പേര് | മാസം | ആകെ ദിവസം | നൽകിയ തുക | നൽകാവുന്ന തുക | അധികം നൽകിയത് |
|---|---|---|---|---|---|---|
| 21500017/4.4.15 | സീനത്ത് അമീർ | 3/2015 | 23 | 10350 | 9200 | 1150 |
| 21500018/4.4.15 | ഷാഹിന.വി.കെ. | 2/15 | 21 | 9450 | 8400 | 1050 |
| -ടി- | -ടി- | 3/15 | 17 | 7650 | 6800 | 850 |
| | | | | | | 3050 |

മേൽപറഞ്ഞ പ്രകാരം അധികനിരക്കിൽ വേതനം നൽകിയതിന് വിശദീകരണം നൽകുവാൻ ആവശ്യപ്പെട്ടതിന് മറുപടിയായി ഫ്രണ്ട് ഓഫീസിൽ ഡാറ്റാ എൻട്രി നടത്തുന്നതിനാണ് ഇവരെ നിയമിച്ചത് എന്നും ഇവരെ കമ്പ്യൂട്ടർ ഓപ്പറേറ്റർ എന്ന് കണക്കാക്കിയാണ് വേതനം നൽകിയത് എന്നുമാണ് അറിയിച്ചത്. എന്നാൽ ഈ കാലയളവിൽ ഡാറ്റാ എൻട്രി ഓപ്പറേറ്റർക്കും പ്രതിദിനം 400 രൂപയാണ് മേൽപറഞ്ഞ സർക്കാർ ഉത്തരവ് പ്രകാരം നൽകാവുന്ന നിരക്ക്. ആയതിനാൽ അധികമായി നൽകിയ 3050 രൂപ ഓഡിറ്റിൽ നിരാകരിക്കുന്നു. ഈ

തുക ഉത്തരവാദികളിൽ നിന്നും ഈടാക്കി പഞ്ചായത്തിന്റെ തനത് ഫണ്ടിൽ അടവാക്കേണ്ടതാണ്.

## 3-2 വെള്ളക്കെട്ട് ഒഴിവാക്കൽ പ്രവൃത്തികൾ തൊഴിലുറപ്പ് തൊഴിലാളികളെ ഏല്പിച്ചില്ല

വിവിധ വാർഡുകളിലെ വെള്ളക്കെട്ട് ഒഴിവാക്കൽ, തോട്, കാന എന്നിവ വൃത്തിയാക്കൽ എന്നീ പ്രവൃത്തികളുടെ കൂലി ചെലവിനത്തിൽ താഴെ പറയും പ്രകാരം 35802 രൂപ തനത് ഫണ്ടിൽ നിന്നും ചെലവഴിച്ചിട്ടുണ്ട്.

| ക്രമ നമ്പർ | വൗച്ചർ നമ്പർ/തീയതി | തുക | പ്രവൃത്തിയുടെ വിശദാംശങ്ങൾ |
|---|---|---|---|
| 1 | 21500452/15.10.15 | 9802 | പൊടിയൻ ബസാർ വടക്കുവശം 130-ാംനമ്പർ അംഗൻവാടി പരിസരം വെള്ളക്കെട്ട് ഒഴിവാക്കൽ |
| 2 | 21500624/31.12.15 | 10000 | 3-ാം വാർഡ് തോട് വൃത്തിയാക്കൽ |
| 3 | 21500951/31.3.16 | 3000 | 5-ാം വാർഡ് വെള്ളക്കെട്ട് ഒഴിവാക്കൽ |
| 4 | 21500963/31.3.16 | 10000 | വാർഡ് 2 കാന വൃത്തിയാക്കൽ |
| 5 | 21500981/31.3.16 | 3000 | വാർഡ് 9 വെള്ളക്കെട്ട് ഒഴിവാക്കൽ |
| | | 35802 | |

പന്ത്രണ്ടാം പദ്ധതിയുടെ പദ്ധതി ആസൂത്രണവും സബ്സിഡിയും അനുബന്ധ വിഷയങ്ങളും സംബന്ധിച്ച മാർഗ്ഗരേഖ ജി.ഒ.(എം.എസ്)362/2013/ത.സ്വ.ഭ.വ. തീയതി 16.11.2013 ഖണ്ഡിക 9-ന് കീഴിലുള്ള കുറിപ്പ് പ്രകാരം എല്ലാതരം മണ്ണ് സംരക്ഷണ ജലസംരക്ഷണ പരിസ്ഥിതി സംരക്ഷണ പ്രവൃത്തികളും അഴുക്ക് ചാൽ നവീകരണ പ്രവൃത്തികളും തൊഴിലുറപ്പ് പദ്ധതിയിൽ ഉൾപ്പെടുത്തി ചെയ്യാവുന്നതാണ്. എന്നാൽ പുറമേയുള്ള തൊഴിലാളികളെ ഉപയോഗച്ചാണ് മേൽപറഞ്ഞ പ്രവൃത്തികൾ നടത്തിയിട്ടുള്ളത്. തൊഴിലുറപ്പ് തൊഴിലാളികളെ മേൽപറഞ്ഞ പ്രവൃത്തിക്ക് ഉപയോഗിക്കാതിരുന്നതിന്റെ കാരണം വിശദീകരിച്ചിട്ടില്ല. ഇത്തരം പ്രവൃത്തികൾക്ക് മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയുടെ തൊഴിലാളികളെ നിയോഗിക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്.

## 3-3 വനിതാ ആട് വളർത്തൽ ധനസഹായം - അപാകതകൾ

വെറ്ററിനറി സർജൻ നിർവ്വഹണ ഉദ്യോഗസ്ഥനായി പ്രോജക്ട് നമ്പർ 37/16 പ്രകാരം നടപ്പാക്കിയ വനിതാ ആട് വളർത്തൽ ധനസഹായം എന്ന പ്രോജക്ടിനായി വികസന ഫണ്ടിൽ നിന്നും 99000 രൂപ വകയിരുത്തുകയും ട്രഷറി ബിൽ നമ്പർ 1/19.3.2016 പ്രകാരം 19 ഗുണഭോക്താക്കൾക്ക് ആടിനെ വാങ്ങുന്നതിന് 3000 രൂപ വീതം നൽകുന്നതിനായി 57000 രൂപ ചെലവഴിക്കുകയും ചെയ്തിട്ടുണ്ട്. പ്രോജക്ട് പരിശോധിച്ചതിൽ താഴെ പറയുന്ന അപാകതകൾ കാണുന്നു.

1. ആകെ 33 ഗുണഭോക്താക്കൾക്ക് ആടിനെ നൽകുന്നതിനാണ് പ്രോജക്ട് തയ്യാറാക്കിയതെങ്കിലും 19 പേർക്ക് മാത്രമേ ആടിനെ വാങ്ങുന്നതിന് ധനസഹായം നൽകിയിട്ടുള്ളൂ.

2. പ്രോജക്ട് നടപ്പാക്കുന്ന കാലയളവിൽ പ്രാബല്യത്തിലുള്ള സബ്സിഡി മാർഗ്ഗ രേഖ ജി.ഒ.(എം.എസ്) 362/2013 /ത.സ്വ.ഭ.വ. തീയതി 16.11.2013 അനുബന്ധം 16 ഖണ്ഡിക 3.2.2 പ്രകാരം ഓരോ ഗുണഭോക്താവും കുറഞ്ഞത് 3 ആടുകളെയെങ്കിലും വാങ്ങേണ്ടതാണ് എന്ന നിർദ്ദേശം പാലിച്ചിട്ടില്ല. ഓരോ ഗുണഭോക്താവും ഓരോ ആടുകളെ മാത്രമേ വാങ്ങിയിട്ടുള്ളൂ.

3. വാങ്ങിയ ആടുകളെ ഇൻഷ്വർ ചെയ്തതിന്റെ രേഖകൾ ഓഡിറ്റിൽ ഹാജരാക്കിയിട്ടില്ല. ഇൻഷ്വർ ചെയ്യുകയോ ഇയർ ടാഗ് നമ്പർ രേഖപ്പെടുത്തുകയോ ചെയ്യാത്തതിനാൽ ഗുണഭോക്താക്കൾ യഥാർത്ഥത്തിൽ ആടുകളെ വാങ്ങിയിട്ടുണ്ടോ എന്ന് ഉറപ്പാക്കാനാകില്ല. ആടുകളെ വാങ്ങി എന്ന ഗുണഭോക്താവിന്റെയും ആടുകളെ വിറ്റു എന്ന് പറയപ്പെടുന്ന വ്യക്തികളുടെയും സാക്ഷ്യപത്രമല്ലാതെ ഇക്കാര്യം തെളിയിക്കുന്ന യാതൊരു രേഖകളും ഓഡിറ്റിൽ ഹാജരാക്കിയിട്ടില്ല.

ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് മറുപടിയായി ഇൻഷ്വറൻസ് കമ്പനികളുടെ നിബന്ധനകൾ പാലിക്കാൻ ബുദ്ധിമുട്ടുള്ളതിനാലാണ് ആടുകളെ ഇൻഷ്വർ ചെയ്യാതിരുന്നത് എന്ന് അറിയിച്ചിട്ടുണ്ട്. എല്ലാ വിധത്തിലുള്ള രോഗപ്രതിരോധ കുത്തിവയ്പുകളും എടുത്തതിന്റെ രേഖകൾ ഹാജരാക്കിയാൽ മാത്രമേ ഇൻഷ്വറൻസ് കമ്പനികൾ ഇൻഷ്വറൻസ് നൽകുകയുള്ളൂ. പ്രതിരോധ കുത്തിവയ്പുകൾ നടത്താതെയാണ് ആടുകളെ വിതരണം ചെയ്തത് എന്നാണ് നിർവ്വഹണ ഉദ്യോഗസ്ഥ ഓഡിറ്റിൽ അറിയിച്ചത്. ഇത്തരം പദ്ധതികളിലൂടെ വിതരണം ചെയ്യുന്ന പക്ഷി മൃഗാദികൾക്ക് ആവശ്യമായ പ്രതിരോധ കുത്തിവയ്പുകളും ഇൻഷ്വറൻസ് പോളിസിയും ഉറപ്പാക്കിയാൽ മാത്രമേ പദ്ധതിയുടെ ലക്ഷ്യം കൈവരിക്കാൻ സാധിക്കുകയുള്ളൂ. തീർത്തും ദരിദ്ര ജനവിഭാഗങ്ങളുടെ ജീവിതനിലവാരം ഉയർത്തുക എന്ന ലക്ഷ്യത്തോടെ ഉത്പാദന മേഖലയിൽ ഉൾപ്പെടുത്തി നടപ്പാക്കുന്ന ഇത്തരം പദ്ധതികൾ പണം ചെലവഴിക്കുക എന്ന ലക്ഷ്യം മാത്രം നിറവേറ്റാതെ പദ്ധതിയുടെ ഉദ്ദേശ ലക്ഷ്യങ്ങൾ കൂടി നിറവേറ്റുന്നു എന്ന് ഉറപ്പാക്കാനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 3-4 വളം വാങ്ങൽ - അപാകതകൾ

കൃഷി ഓഫീസർ നിർവ്വഹണ ഉദ്യോഗസ്ഥനായി താഴെ പറയുന്ന പ്രോജക്ടുകൾ പ്രകാരം ജൈവവളം വാങ്ങുന്നതിന് 1543050 രൂപ വികസന ഫണ്ടിൽ നിന്നും ചെലവഴിച്ചിട്ടുണ്ട്.

| പ്രോജക്ട് നമ്പർ | പ്രോജക്ടിന്റെ പേര് | ഫണ്ടിനം | ട്രഷറി ബിൽ നമ്പർ/തീയതി | തുക |
|---|---|---|---|---|
| 31/16 | തെങ്ങിന് വളം | ധനകാര്യ കമ്മീഷൻ അവാർഡ് | 1/25.2.2016 | 752700 |
| -ടി- | -ടി- | -ടി- | 4/28.3.2016 | 742050 |
| 35/16 | വനിതകൾക്കുള്ള പച്ചക്കറി കൃഷി | -ടി- | 2/25.2.2016 | 48300 |
| ആകെ | | | | 1543050 |

പ്രോജക്ടുകൾ പരിശോധിച്ചതിൽ താഴെ പറയുന്ന അപാകതകൾ കാണുന്നു.

1. മേൽപറഞ്ഞ പ്രോജക്ടുകൾ പ്രകാരം വേപ്പിൻപിണ്ണാക്ക്, കടലപ്പിണ്ണാക്ക് എന്നിവ വാങ്ങുന്നതിന് ടെണ്ടർ നോട്ടീസ് തയ്യാറാക്കുകയും പത്രത്തിൽ പരസ്യം ചെയ്യുകയും ചെയ്തതിന്റെ അടിസ്ഥാനത്തിൽ ആകെ അഞ്ച് സ്ഥാപനങ്ങൾ ടെണ്ടർ സമർപ്പിക്കുകയും അതിൽ നിന്നും വേപ്പിൻപിണ്ണാക്കിന് ഏറ്റവും കുറഞ്ഞ നിരക്ക് സമർപ്പിച്ച നാറ്റ് ലോ ഓർഗാനിക്സ്, ഇരിങ്ങാലക്കുട എന്ന സ്ഥാപനത്തേയും കടലപ്പിണ്ണാക്കിന് ഏറ്റവും കുറഞ്ഞ നിരക്ക് സമർപ്പിച്ച പി.വി.ഓർഗാനിക്സ്, തേന്നൂർ, പാലക്കാട് എന്ന സ്ഥാപനത്തേയും വളം വിതരണം ചെയ്യുന്നതിന് തിരഞ്ഞെടുക്കുകയും ചെയ്തു. ടി സ്ഥാപനങ്ങളുമായി കരാർ വച്ച് പർച്ചേസ് നടപടികൾ പൂർത്തീകരിക്കുന്നതിനു പകരം ഗുണഭോക്താക്കൾക്ക് എടവിലങ്ങ് സർവ്വീസ് സഹകരണ ബാങ്കിലേക്ക് പെർമിറ്റുകൾ അനുവദിക്കുകയും ബാങ്ക് ഗുണഭോക്താക്കൾക്ക് നൽകിയ ബില്ലിന്റെ അടിസ്ഥാനത്തിൽ ബാങ്കിന് പണം അനുവദിക്കുകയുമാണ് ചെയ്തിട്ടുള്ളത്.

2. പത്രപരസ്യം നൽകുന്നതിന് പണവും ടെണ്ടർ നടപടികൾക്കായി മനുഷ്യാധ്വാനവും ചെലവഴിച്ചതിനു ശേഷം ടെണ്ടർ സമർപ്പിക്കുകപോലും ചെയ്യാത്ത എടവിലങ്ങ് സർവ്വീസ് സഹകരണ ബാങ്കിൽ നിന്നും വളം വാങ്ങിയതിന് യാതൊരു കാരണവും രേഖപ്പെടുത്തിയിട്ടില്ല.

3. ബാങ്ക് കൃഷി ഓഫീസറുടെ പേരിൽ പർച്ചേസ് ബില്ലോ കൈപ്പറ്റ് രസീതോ നൽകിയിട്ടില്ല. വളം വാങ്ങിയതിന് ഗുണഭോക്താക്കളുടെ പേരിലുള്ള ബില്ലാണ് നൽകിയിട്ടുള്ളത്. വളം വിതരണം സംബന്ധിച്ച് ബാങ്കുമായി കൃഷി ഓഫീസർ യാതൊരു വിധ കരാറും ചമച്ചിട്ടില്ല.

4. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് സാധനങ്ങളും സേവനങ്ങളും സമാഹരിക്കുന്നതിനുള്ള മാർഗ്ഗരേഖ ജി.ഒ.(എം.എസ്) 259/2010/ത.സ്വ.ഭ.വ. തീയതി 8.11.2010 പ്രകാരം ഒരു ലക്ഷം രൂപയിൽ കൂടുതൽ മതിപ്പുവിലയുള്ള വാങ്ങലുകൾ ഓപ്പൺ ടെണ്ടർ നടപടിപ്രകാരം മാത്രമേ വാങ്ങാവൂ. എന്നാൽ ടെണ്ടർ നടപടി കൂടാതെയാണ് ബാങ്കിൽ നിന്നും വളം വാങ്ങിയത്.

മേൽപറഞ്ഞ അപാകതകൾക്ക് വിശദീകരണം നൽകുവാൻ ഓഡിറ്റ് അന്വേഷണം നമ്പർ 6/18.10.2016 പ്രകാരം ആവശ്യപ്പെട്ടതിന് മറുപടിയായി ടെണ്ടർ ലഭിച്ച സ്ഥാപനങ്ങളിൽ നിന്നും എടവിലങ്ങ് സർവ്വീസ് സഹകരണ ബാങ്ക് നേരിട്ട് വളം വാങ്ങി വിതരണം ചെയ്യുകയായിരുന്നു എന്നാണ് അറിയിച്ചത്. ഈ നടപടി ക്രമപ്രകാരമല്ല. ടെണ്ടർ ലഭിച്ച സ്ഥാപനത്തിൽ നിന്നും കൃഷി ഓഫീസർ വളം വാങ്ങുന്നതിന് കരാർ വയ്ക്കുകയും വളത്തിന്റെ വില ടി സ്ഥാപനത്തിന് നൽകുകയും വളം വിതരണം ചെയ്യാനുള്ള കരാർ മാത്രം സഹകരണ ബാങ്കുമായി ഉണ്ടാക്കുകയും ആയതിനുള്ള തുക മാത്രം ബാങ്കിന് നൽകുകയുമായിരുന്നു വേണ്ടത്. അപാകതകൾ പരിഹരിച്ചുകൊണ്ട് പദ്ധതി നടപ്പാക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

## 3-5 സെക്രട്ടറി നടപ്പാക്കിയ പ്രോജക്ടുകൾ - രേഖകൾ ഹാജരാക്കിയിട്ടില്ല

സെക്രട്ടറി നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പാക്കിയ പ്രോജക്ടുകളുമായി ബന്ധപ്പെട്ട താഴെ പറയുന്ന രേഖകൾ ഓഡിറ്റിൽ ഹാജരാക്കിയിട്ടില്ല.

| ക്രമ നമ്പർ | പ്രോജക്ട് നമ്പർ, പേര് | ട്രഷറി ബിൽ നമ്പർ/തീയതി | തുക | ഹാജരാക്കാത്ത രേഖകൾ |
|---|---|---|---|---|
| 1 | 104/16 ഐ.എ.വൈ.ഭവനപദ്ധതി | 31/31-3-16 | 65000 | മതിലകം ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറിയുടെ കൈപ്പറ്റ് രസീത്, തുകയുടെ വിനിയോഗ സാക്ഷ്യപത്രം |

| | | | | |
|---|---|---|---|---|
| | | | | എന്നിവ |
| 2 | 4/16 ഐ.എ.വൈ വിഹിതം നൽകൽ(SCP) | 23/21-3-16 | 31411 | -ടി- |
| 3 | 105/16 .ഐ.കെ.എം.ന് അധിക വിഹിതം | 32/31-3-16 | 34178 | ഐ.കെ.എം.ന്റെ കൈപ്പറ്റ് രസീത് |
| | ആകെ | | 130589 | |

മേൽപറഞ്ഞ രേഖകൾ ഓഡിറ്റിൽ ഹാജരാക്കുന്നതുവരെ ചെലവ് തുക തടസ്സപ്പെടുത്തുന്നു.

## 3-6 വിവാഹ ധനസഹായം -അപേക്ഷ സമയപരിധിക്കുള്ളിൽ സ്വീകരിച്ചിട്ടില്ല.

പ്രോജക്ട് നം. 07/16.

നിർവ്വഹണോദ്യോഗസ്ഥൻ - അസിസ്റ്റന്റ് സെക്രട്ടറി.

ബിൽ നം.തി. 02/28.12.15. തുക -150000/-

അസിസ്റ്റന്റ് സെക്രട്ടറി നിർവ്വഹണോദ്യോഗസ്ഥനായി നടപ്പാക്കിയ വിവാഹധനസഹായം എസ്.സി. പദ്ധതി പ്രകാരം രവി.കെ.കെ., കൊച്ചിത്തറ വീട്, കാര എന്ന ഗുണഭേക്താവിന് 50000/- രൂപ ധനസഹായം നൽകിയിട്ടുണ്ട്. എന്നാൽ ഗുണഭോക്താവിന്റെ മകളുടെ വിവാഹം നടന്നിട്ടുള്ളത് 18.05.13ലും അപേക്ഷ നൽകിയിട്ടുള്ളത് 01.09.15 ലുമാണ്. ജി.ഒ.(എം.എസ്.)നം. 789/15/ ത.സ്വ.ഭ.വ. dt. 18.03.15 പ്രകാരം കാലാവധി വിവാഹം കഴിഞ്ഞ് 6 മാസത്തിനുള്ളിലോ വിവാഹത്തിന് മുൻപ് ഒരു മാസത്തിനുള്ളിലോ അപേക്ഷിച്ചവർക്ക് മാത്രമേ ധനസഹായം നൽകുന്നതിന് അർഹതയുള്ളൂ. ഇതിന് വിപരീതമായി നൽകിയ തുക ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 3-7 ഭിന്നശേഷിയുള്ളവർക്ക് സഹായോപകരണങ്ങൾ -മാർഗ്ഗ നിർദ്ദേശം പാലിച്ചിട്ടില്ല.

നിർവ്വഹണോദ്യോഗസ്ഥൻ -ഐ.സി.ഡി.എസ്.സൂപ്പർവൈസർ.

പ്രോജക്ട് നം.ട028/16.

ബിൽ നം. തി. 9/28.03.16 തുക 297410/-

മേൽ പദ്ധതി പ്രകാരം 6 ഗുണഭോക്താക്കൾക്ക് മെഡിക്കൽ ക്യാമ്പിൽ നിർദ്ദേശിച്ച പ്രകാരം 297410/- രൂപയുടെ ഉപകരണങ്ങൾ കെൽട്രോണിൽ നിന്നും വാങ്ങി നൽകിയിട്ടുണ്ട്.

പദ്ധതി അപാകതകൾ താഴെ കൊടുക്കുന്നു.

1)സർക്കാർ ഉത്തരവ് (എം.എസ്) 362/13/ത.സ്വ.ഭ.വ.തി. 16.11.13 ഖണ്ഡിക 5.4(1) പ്രകാരം ഓരോ വ്യക്തിക്കും പ്രത്യേക സ്പെസിഫിക്കേഷനിലുള്ള ഉപകരണങ്ങൾ വേണമെന്നുള്ളതിനാൽ ഓരോരുത്തരേയും പരിശോധിച്ച് ഓരോരുത്തർക്കും ആവശ്യമായ ഉപകരണത്തിന്റെ പേരും, സ്പെസിഫിക്കേഷനും മതിപ്പ് വിലയും നിശ്ചയിച്ച ശേഷമേ പ്രോജക്ട് തയ്യാറാക്കാവൂ. അതിനാൽ പ്രോജക്ട് തയ്യാറാക്കുന്നതിന് മുൻപ് മെഡിക്കൽ ക്യാമ്പ് നടത്തേണ്ടതുണ്ട്. ഇപ്രകാരം ചെയ്യാത്തതു മൂലം മെഡിക്കൽ ക്യാമ്പിൽ 16 പേർക്ക് ഉപകരണങ്ങൾ ശുപാർശ ചെയ്തെങ്കിലും 6 ഗുണഭോക്താക്കൾക്ക് മാത്രമാണ് ഉപകരണങ്ങൾ വിതരണം നടത്തിയിട്ടുള്ളത്.

2) മേൽ ഉത്തരവ് ഖണ്ഡിക 5.4.(5) പ്രകാരം മെഡിക്കൽ ക്യാമ്പ് നടത്തുന്നതിന് ഏതെങ്കിലും ഏജൻസിയേയോ, സ്ഥാപനത്തേയോ ചുമതലപ്പെടുത്താവുന്നതല്ല. എന്നാൽ കെൽട്രോൺ മുഖേനയാണ് മെഡിക്കൽ ക്യാമ്പ് നടത്തിയിട്ടുള്ളത്.

## 3-8 പത്താംതരം തുല്യത -പരീക്ഷയെഴുതിയതിന്റെ വിവരങ്ങൾ ലഭ്യമല്ല.

നിർവ്വഹണോദ്യോഗസ്ഥൻ -എച്ച്.എം.എൽ.പി.എസ്.എടവിലങ്ങ് .

പ്രോജക്റ്റ് നം.68/16.

ബിൽ നം. 5/29.03.16 തുക.15000/-

മേൽ പദ്ധതി പ്രകാരം 10 വിദ്യാർത്ഥികളുടെ ഫീസിനത്തിൽ 1500 രൂപ വീതം 15000/- രൂപ കേരള സ്റ്റേറ്റ് സാക്ഷരത മിഷന് ഡിഡി നം. 352430/31.03.16 പ്രകാരം നൽകിയിട്ടുണ്ട്. എന്നാൽ പരീക്ഷ എഴുതിയതിന്റേയോ, പാസ്സായതിന്റെയോ വിവരങ്ങൾ ലഭ്യമാക്കിയിട്ടില്ല. പരീക്ഷ പൂർത്തീകരിക്കുന്ന മുറയ്ക്ക് ആയത് ഹാജരാക്കേണ്ടതാണ്.

## 3-9 ഭവന നിർമ്മാണം പൂർത്തീകരിച്ചിട്ടില്ല.

പ്രോജക്റ്റ് നം. 40/16.

നിർവ്വഹണോദ്യോഗസ്ഥൻ -വി.ഇ.ഒ., കാര.

സ്പിൽ ഓവർ ഭവന നിർമ്മാണ പദ്ധതി പ്രകാരം തൻവർഷം ബിന്ദു W/o ഉദയൻ, കുടത്തിങ്കൽ ഹൗസ്, കാര എന്ന ഗുണഭോക്താവിന് താഴെ പറയും പ്രകാരം 180000/- രൂപ നൽകിയിട്ടുണ്ടെങ്കിലും നാളിതു വരെ ഭവന നിർമ്മാണം പൂർത്തീകരിച്ചിട്ടില്ല. വിശദവിവരം താഴെ കൊടുക്കുന്നു.

| ബിൽ നം.തിയ്യതി. | തുക |
|---|---|
| 18/17.03.16. | 80000/- |
| 24/31.03.16 | 60000/- |
| 30/31.03.16 | 40000/- |

ഭവന നിർമ്മാണം പൂർത്തീകരിക്കുന്നതിന് നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 3-10 മത്സ്യതൊഴിലാളി കുടുംബങ്ങളിലെ വിദ്യാർത്ഥികൾക്ക് പഠനോപകരണങ്ങൾ -പദ്ധതി നടത്തിപ്പിലെ അപാകതകൾ.

നിർവ്വഹണോദ്യോഗസ്ഥൻ - സബ് ഇൻസ്പെക്ടർ ഓഫ് ഫിഷറീസ്.

പ്രോജക്റ്റ് നം. 32/16.

ബിൽ നം. 1/29.03.16.തുക -82950/-

മേൽ പ്രോജക്റ്റ് പ്രകാരം 21 വിദ്യാർത്ഥികൾക്ക് സ്റ്റീൽ ടേബിളും, ചെയറും കേരള ആർട്ടിസാൻസ് ഡവലപ്മെന്റ് കോർപ്പറേഷനിൽ നിന്നും വാങ്ങി വിതരണം ചെയ്തിട്ടുണ്ട്. ആയതിന് ഡിഡി നം.713218/30.03.16 പ്രകാരം 82950/- രൂപ (ഇൻവോയ്സ് നം.193/16.03.16) സ്ഥാപനത്തിന് നൽകിയിട്ടുണ്ട്.

അപാകതകൾ

1)നന്ദന D/o.സന്തോഷ്, കുഞ്ഞുമാക്കാൻ പുരക്കൽ, കാര എന്ന ഗുണഭോക്താവിന് ഫർണീച്ചർ നൽകിയിട്ടുണ്ടെങ്കിലും ടി ഗുണഭോക്താവിന്റെ പേര് അംഗീകരിച്ച ലിസ്റ്റിൽ ഉൾപ്പെട്ടതായി കാണുന്നില്ല.

2)സോന.കെ.ഡി., D/o. ദേവദാസൻ, കുഞ്ഞുമാക്കൻ പുരക്കൽ, എടവിലങ്ങ് എന്ന ഗുണഭോക്താവിന് നൽകിയിട്ടുണ്ടെങ്കിലും പഞ്ചായത്തിലെ താമസക്കാരിയാണെന്ന് തെളിയിക്കുന്നതിനുള്ള രേഖകൾ ഓഡിറ്റിന് ഹാജരാക്കിയിട്ടില്ല. മേൽ അപാകതകൾക്ക് വിശദീകരണം നൽകേണ്ടതാണ്.

## 3-11 പൊതുമരാമത്ത് പ്രവൃത്തികൾ-നിർവഹണവും ആസൂത്രണവും

എടവിലങ്ങ്, എറിയാട് ഗ്രാമപഞ്ചായത്തുകളുടെ പദ്ധതി ആസൂത്രണവും നിർവഹണവും നടത്തുന്നതിനായി അസി.എൻജിനീയറുടെയും 3 ഓവർസിയർമാരുടെയും ഒരു ക്ലർക്കിന്റെയും സേവനമാണ് ലഭ്യമായിട്ടുള്ളത്. എടവിലങ്ങ് ഗ്രാമപഞ്ചായത്തിൽ തൻവർഷം 14030346 രൂപ അടങ്കലിൽ 33 പ്രോജക്ടുകൾ ആസൂത്രണം ചെയ്തിട്ടുള്ളതും ഇതിൽ 27 പ്രോജക്ടുകൾ 12795866 രൂപ ചെലവിട്ട് പൂർത്തീകരിച്ചിട്ടുള്ളതുമാണ്. 6 പ്രോജക്ടുകൾക്ക് തുകയൊന്നും തന്നെ ചെലവഴിച്ചിട്ടില്ല. ഇവിടെ പ്രവൃത്തികളുടെ ബാഹുല്യം ഇല്ല എന്ന് കാണാവുന്നതാണ്. ആയതിനാൽ ആവിഷ്കരിക്കുന്ന പ്രോജക്ടുകൾ പൂർണമായും നിർവ്വഹിക്കുവാനും അതു വഴി ഗ്രാമസഭകളിലൂടെ പൊതുജനങ്ങൾക്ക് നൽകിയ പ്രത്യാശ നിറവേറ്റുവാൻ ശ്രദ്ധിക്കേണ്ടതുമാണ്.

## 3-12 ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല.

18/7/13 ലെ GO(MS)255/13 നം ഉത്തരവിൽ ആസ്തി രജിസ്റ്ററിൽ ഡിജിറ്റൽ രൂപത്തിൽ കാലികമാക്കി സൂക്ഷിക്കണമെന്ന് നിർദേശിച്ചിട്ടുണ്ട്. ആസ്തികളുടെ സംരക്ഷണ, വിപുലീകരണ പ്രവൃത്തികൾ ആവിഷ്കരിക്കുന്നത് കുറ്റമറ്റ രീതിയിലാണോ എന്ന് വിലയിരുത്തുന്നതിന് ആസ്തിരജിസ്റ്റർ കാലികമാക്കി സൂക്ഷിക്കേണ്ടത് അനിവാര്യമാണ്. പക്ഷെ ഗ്രാമപഞ്ചായത്തിൽ സൂക്ഷിച്ചിട്ടുള്ള ആസ്തിരജിസ്റ്ററിൽ സംരക്ഷണ വിപുലീകരണ പ്രവൃത്തികൾ നടത്തിയതിന്റെ വിവരങ്ങളും, ചെലവഴിച്ച തുകകളും രേഘപ്പെടുത്തിയിട്ടില്ല. ആസ്തികളിൽ കുറവ്, തേയ്മാനം എന്നിവ സംഭവിച്ചാലും സമയോചിതമായി രേഖപ്പെടുത്തലുകൾ വേണ്ടതാണ്. ആസ്തി രജിസ്റ്ററിൽ ആവശ്യമായ വിവരങ്ങൾ ചേർത്ത് കാലികമാക്കി സൂക്ഷിക്കാത്തതിന് വിശദീകരണം ലഭ്യമാക്കേണ്ടതും ആയത് എത്രയും വേഗം കാലികമാക്കി സൂക്ഷിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതുമാണ്.

## 3-13 വേടിത്തോട് പാർശ്വസംരക്ഷണം-ചെറുകിടജലസേചനവകുപ്പിൽ നിന്നും അനുമതി ലഭിക്കും മുൻപേ പദ്ധതി നടപ്പിലാക്കി.

പ്രോജക്ട് നം.S0033/15,S0075/16

അടങ്കൽ – 450000,ധനകാര്യകമ്മീഷൻ ഗ്രാന്റ്

കരാറുകാരൻ – ശ്രീ.പി.കെ.കാസിം

കരാർ നം.14/AE/LSGD/14-15/6/4/14

ബിൽ നം -1/13/10/14, 450000/-

DD No.707871/14/10/15, 423000/-

ഈ തോട് ഗ്രാമപഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ളതല്ല. ഗ്രാമപഞ്ചായത്തിന്റെ ആസ്തി രജിസ്റ്ററിൽ ഇത് ഉൾപ്പെട്ടിട്ടുമില്ല. 11/6/14ന് അസി.എൻജിനീയർ 10/EDU/14-15 നമ്പർ ആയി തോടിന്റെ പാർശ്വസംരക്ഷണ പ്രവൃത്തി നടത്തുന്നതിന്റെ അനുമതിക്കായി കൊടുങ്ങല്ലൂർ ചെറുകിട ജലസേചന വകുപ്പിലെ അസി.എൻജിനീയർക്ക് കത്തയച്ചുവെങ്കിലും മറുപടിയൊന്നും തന്നെ ലഭിച്ചിട്ടില്ല. 4/5/15ന് പ്രവൃത്തി തുടങ്ങി 20/6/15ന് പ്രവൃത്തി പൂർത്തീകരിച്ച് കരാറുകാരന് തുക നൽകിയിട്ടുണ്ട്. (അളവുപുസ്തകം-13/14-15/EDV). ചെറുകിട ജലസേചന വകുപ്പിൽനിന്നുള്ള അനുമതി ഫയലിൽ ഇടുവാൻ വിട്ടുപോയി എന്ന വിശദീകരണമാണ് ഇക്കാര്യത്തിൽ അസി. എഞ്ചിനീയർ നൽകിയിട്ടുള്ളത്. അനുമതിപത്രം ലഭ്യമാക്കുന്നതുവരെ ചെലവുതുക 450000 രൂപ തടസ്സപ്പെടുത്തുന്നു.

## 3-14 ടാറിങ് ഉൾപ്പെട്ടിട്ടില്ലാത്ത റോഡ് പ്രവൃത്തി ആവിഷ്കരിച്ച് നടപ്പിലാക്കി

നി.ഉദ്യോഗസ്ഥൻ -അസി.എൻജിനീയർ

പ്രൊജക്റ്റ് നം. S0090/16,മഹാത്മാഗാന്ധി റോഡ് നിർമാണം ,പാർശ്വസംരക്ഷണം

അടങ്കൽ-440000, വികസനഫണ്ട്

കരാറുകാരൻ-ശ്രീ.ഇ.ജി.സിജിൽകുമാർ

കരാർ നം.-8AE/LSGD/EDV/31/8/15

ബിൽ നം.-32/28/3/16-385742

മേൽ പ്രവൃത്തി 19/3/16 ന് കരാറുകാരൻ പൂർത്തീകരിച്ചിട്ടുണ്ട്. പക്ഷെ, മെറ്റലിങ്, ടാറിങ് പ്രവൃത്തികൾ നടത്തുന്നതിനായി പുതിയ പ്രോജക്ട് ആവിഷ്കരിച്ചിട്ടില്ലാത്തതിനാൽ, ഈ പ്രവൃത്തികൾ നടത്തുവാൻ താമസം വരുന്ന പക്ഷം ആയത് സോളിങ് പ്രവൃത്തിയുടെ കെട്ടുറപ്പിനെ പ്രതികൂലമായി ബാധിക്കുന്നതാണ്. റോഡ് നിർമ്മാണ പ്രവൃത്തികൾ ആവിഷ്കരിക്കുമ്പോൾ ടാറിങിന് ഉൾപ്പെടെയുള്ള തുക അടങ്കലിൽ വകയിരുത്തേണ്ടതും ഏകവർഷ പ്രോജക്ടായി നടപ്പിലാക്കാൻ കഴിയാത്തപക്ഷം ദ്വിവർഷ പ്രോജക്ടായി ആവിഷ്കരിച്ച് പദ്ധതികൾ കുറ്റമറ്റ രീതിയിൽ നിർവ്വഹിക്കാൻ പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്.

## 3-15 വി.ഇ.ഒ,ലൈവ് സ്റ്റോക്ക് ഇൻസ്പെക്ടർ എന്നിവരുടെ കാര്യാലയം വൈദ്യുതീകരിക്കേണ്ടതാണ്.

2000-ൽ നിർമ്മിച്ച് ഉപയോഗിക്കാതെ കിടന്നിരുന്ന കാര മത്സ്യമാർക്കറ്റിൽ ആവശ്യമായ അറ്റകുറ്റപ്പണികൾ നടത്തിയിട്ടുണ്ട് (ചുമരുകൾ, ആർ.സി.സി.മേൽക്കൂര, പുറമെ ശൗചാലയം). ഇവിടെ ഇപ്പോൾ വി.ഇ.ഒ, ലൈവ് സ്റ്റോക്ക് ഇൻസ്പെക്ടർ എന്നിവരുടെ കാര്യാലയങ്ങൾ പ്രവർത്തിക്കുന്നുണ്ടെങ്കിലും കെട്ടിടം വൈദ്യുതീകരിച്ചിട്ടില്ല. വൈദ്യുതീകരിക്കാത്ത കെട്ടിടം നിഷ്ക്രിയാസ്തിയായി കിടത്താതെ ഉപയുക്തമാക്കിയത് എടുത്തുപറയേണ്ടതാണ് (പ്രൊജക്ട് നം-S0072/16, ബിൽ നം-2/13/10/15-468557). 12-ാം പഞ്ചവത്സരപദ്ധതി മാർഗ്ഗരേഖ IX(GO(MS)362/13 /LSGD/16/1/1/13) അനുസരിച്ച് ഒരു കെട്ടിടനിർമ്മാണ പ്രോജക്ട് ആവിഷ്കരിക്കുമ്പോൾ ആ കെട്ടിടം ഉപയുക്തമാക്കുവാനാവശ്യമായ എല്ലാ ചെലവുകളും ഉൾപ്പെടുത്തണമെന്ന് നിർദേശിച്ചിട്ടുണ്ട്. വൈദ്യുതീകരണത്തിനുള്ള തുക ലംപ്സം ആയി വകയിരുത്തേണ്ടതാണ്.

ഇത്തരം പദ്ധതികൾ ഭാവിയിൽ ആവിഷ്കരിക്കുമ്പോൾ അപാകതകൾ സംഭവിക്കാതിരിക്കാൻ പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്. കെട്ടിടത്തിന്റെ വൈദ്യുതീകരണത്തിനുള്ള പ്രവൃത്തികൾ എത്രയും വേഗം പൂർത്തീകരിക്കേണ്ടതുമാണ്.

## 3-16 തൊഴിലുറപ്പ് പദ്ധതി

തൻവർഷം വരവുവന്ന (പലിശയടക്കം) 11320276 രൂപയിൽ 11318184 രൂപയും ചെലവഴിച്ചിട്ടുണ്ട്. 928 പദ്ധതികൾ ആവിഷ്കരിച്ചതിൽ 279 പദ്ധതികൾ ആണ് നടപ്പിലാക്കിയിട്ടുള്ളത്. രജിസ്റ്റർ ചെയ്ത 2252 കുടുംബങ്ങൾക്ക് തൊഴിൽകാർഡ് നൽകിയതിൽ 981 കുടുംബങ്ങളാണ് തൊഴിലിൽ ഏർപ്പെട്ടിട്ടുള്ളത്. ആറ് ശതമാനം (58) കുടുംബങ്ങൾക്ക് മാത്രമേ 100 ദിവസത്തെ തൊഴിൽ നൽകുവാൻ കഴിഞ്ഞിട്ടുള്ളൂ. ആസ്തി സൃഷ്ടിച്ച ഒരു പ്രവൃത്തി മാത്രമാണ് തൻവർഷം ചെയ്തിട്ടുള്ളത്. രജിസ്റ്റർ ചെയ്യുന്ന മുഴുവൻ കുടുംബങ്ങൾക്കും 100 ദിവസത്തെ തൊഴിൽ നൽകാനും ആസ്തികൾ സൃഷ്ടിക്കുവാനുതകുന്ന പരമാവധി പ്രവൃത്തികൾ ഭാവിയിൽ ആവിഷ്കരിച്ച് നടപ്പിലാക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്.

# ഭാഗം-4

# പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

## 4-1 സംയുക്ത പദ്ധതികൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | ലഭിച്ച തുക | പദ്ധതി പേര്,നം | ചെലവഴിച്ച തുക | നീക്കിയിരിപ്പ് |
|---|---|---|---|---|
| ബ്ലോക്ക് പഞ്ചായത്ത് | 150000 | പെയിൻ&പാലിയേറ്റീവ് കെയർ | 80789 | 69211 |
| | 100000 | ഭിന്നശേഷിയുള്ള വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് | 100000 | - |
| ജില്ലാ പഞ്ചായത്ത് | 100000 | ഭിന്നശേഷിയുള്ള വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് | 100000 | - |

## 4-2 നിക്ഷേപ പ്രവർത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

ഇല്ല

## 4-3 മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത് ക്രമീകരിയ്ക്കാൻ അവശേഷിക്കുന്നത്

ഇല്ല

## 4-3 മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത് ക്രമീകരിയ്ക്കാൻ അവശേഷിക്കുന്നത്

ഇല്ല

## 4-4 (i)വായ്പ/വിനിയോഗം/വീഴ്ചകൾ എന്നിവയുടെ വിവരം.

ഇല്ല

(ii) വായ്പ തിരിച്ചടവിന്റെ വിവരം.

ഇല്ല

## 4-5 സ്ഥിരനിക്ഷേപങ്ങൾ

ഇല്ല

## 4-6 ഓഡിറ്റ് റിക്കവറി

ഓഡിറ്റ് റിക്കവറിയിനത്തിൽ തൻവർഷം 400/- രൂപ ഈടാക്കിയിട്ടുണ്ട്

## 4-7 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം

ഇല്ല

## 4-8 ആശുപത്രി വികസന സമിതികളുടെ കണക്കുകൾ

2010-ലെ കേരള പഞ്ചായത്ത് പൊതുജനാരോഗ്യ സ്ഥാപനങ്ങൾക്ക് വേണ്ടിയുള്ള മാനേജിംഗ് കമ്മിറ്റികൾ ചട്ടങ്ങളിലെ ചട്ടം 9(3)പ്രകാരം പ്രകാരം ഗ്രാമ പഞ്ചായത്ത് ആശുപത്രി വികസന ഫണ്ട് വർഷത്തിലൊരിക്കൽ ചാർട്ടേഡ് അക്കൗണ്ടിനെക്കൊണ്ട് ഓഡിറ്റ് ചെയ്യിക്കേണ്ടതാണ്. ഗ്രാമ പഞ്ചായത്തിന്റെ പരിധിയിൽ നിലവിലുള്ള ആശുപത്രികളുടെ വിവരം താഴെ ചേർക്കുന്നു.

| ക്രമ നം | ആശുപത്രി കളുടെ പേര് | മാനേജിംഗ് കമ്മിറ്റി രൂപീകരിച്ച വർഷം / തീയ്യതി | വാർഷിക കണക്ക് ഓഡിറ്റിന് സമർപ്പിച്ച തിന്റെ വിവരം | | മുൻ ഓഡിറ്റ് | ഓഡിറ്റ് റിപ്പോർട്ട് പുറപ്പെടുവിച്ച വിവരം | ചാറ്റേർഡ് അക്കൗണ്ടന്റ് ഓഡിറ്റ് ചെയ്ത വാർഷിക കണക്കിന്റെ വിവരം | റിമാർക്സ് |
|---|---|---|---|---|---|---|---|---|
| | | | വർഷം | തിയ്യതി | | | | |
| 1 | 2 | 3 | 4 | 5 | 6 | 7 | 8 | 9 |
| 1 | പി.എച്.സി. എടവിലങ്ങ് | 18.08.2007 | ഓഡിറ്റിന് സമർപ്പിച്ചിട്ടില്ല. | | | | | |
| 2 | ആയുർവ്വേദം | 18.11.12 | | | | | | |

## 4-9 ഓഡിറ്റ് പ്രത്യവലോകനം

എ) സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 28024572/- |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 35867096/- |
| വരവിനങ്ങളിലുള്ള നഷ്ടം | - |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | 3050 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 639589 |

(ചെലവിനങ്ങളിലുള്ള നഷ്ടം, വരവിനങ്ങളിലുള്ള നഷ്ടം എന്നിവ ബി- യിലേയും സി- യിലേയും തുകയാണ്. )

ബി) പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 3-1 | 3050 | സി.എം.പ്രേമാനന്ദ്,സെക്രട്ടറി. |

ക്രമാനുസാരമാക്കാൻ കഴിയുന്ന ഓഡിറ്റ് തടസ്സങ്ങൾ

ഇല്ല

സാധൂകരിക്കാവുന്ന ഓഡിറ്റ് പരാമർശങ്ങൾ

ഇല്ല

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെപേരും ഉദ്യോഗപ്പേരും |
|---|---|---|
| 3-5 | 130589 | വി.എം.സഹീർ,സെക്രട്ടറി. |
| 3-6 | 50000 | കെ.ദുർഗ്ഗദേവി,അസിസ്റ്റന്റ് സെക്രട്ടറി. |
| 3-13 | 450000 | ശ്രീദേവി.എ.ആർ. |
| | 630589/- | |

സി) കേന്ദ്ര – സംസ്ഥാന സർക്കാരുകൾ , മറ്റു സ്ഥാപനങ്ങൾ എന്നിവയ്ക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല

ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

ഇ) റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| സി.എം.പ്രേമാനന്ദ്, സെക്രട്ടറി | പുത്തൻചിറ ഗ്രാമപഞ്ചായത്ത് | ചീരേപറമ്പിൽ വീട് കോതപറമ്പ്,കൊടുങ്ങല്ലൂർ. |

## 4-10 തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | റിമാർക്സ് |
|---|---|---|
| 83-84 | എൽ.എഫ്.ടി.എസ്2-1131/2011 /1.2.12 | ഖ.നം.24,26 |
| 84-85 | | ഖ.നം.5,14 |
| 86-87,87-88 | | ഖ.നം.3 |
| 90-91 | | ഖ.നം.3,9,14,15,17,(2) |
| 91-92 | | ഖ.നം.6,7,12 |
| 92-93,93-94 | | ഖ.നം.6(എ),, |

| | | |
|---|---|---|
| | | (ബി),11,13,15,17,18 |
| 94-95 | | ഖ.നം.20,21,22 |
| 97-98 | എൽ.എഫ്.ടി.12-1447-98/14.5.99 | Full |
| 98-99(ചെലവ്) | എൽ.എഫ്.ടി.12-210-2000/15.5.2000 | " |
| 98-99(വരവ്) | എൽ.എഫ്.ടി.12-170/01/6.4.01 | |
| 99-00 | എൽ.എഫ്.ടി.12/296/01/2.6.01 | " |
| 00-01 | എൽ.എഫ്.ടി.16/22/03/27.02.03 | " |
| 01-02 | എൽ.എഫ്.ടി.16/1542/03 | " |
| 02-03,03-04 | എൽ.എഫ്.ടി.16/1820/04/09.02.05 | " |
| 04-05 | എൽ.എഫ്.ടി.16/311/07/7.3.07/ 5.5.07 | " |
| 05-06 | എൽ.എഫ്.ടി.16-797/09/22.09.10 | " |
| 06-07 | എൽ.എഫ്.ടി.16-810/09/22.09.10 | " |
| 07-08 | എൽ.എഫ്.ടി.പി.(3)1859/10/ 21.11.11 | " |
| 08-09 | എൽ.എഫ്.ടി.പി.(3)860/12/2.11.12 | " |
| 09-10 | എൽ.എഫ്.ടി.പി.(3)861/12/2.11.12 | " |
| 10-11 | എൽ.എഫ്.ടി.പി.862/12/2.11.12 | " |
| 12-13 | എൽ.എഫ്.ടി.പി.3-1026/14/ 11.12.2014/11.3.2015 | " |
| 13-14<br>14-15 | കെ.എസ്.എ.ടി.എസ്.ആർ.പി3/353/16/ 30.03.16 | " |

അവശേഷിക്കുന്ന റിപ്പോർട്ടുകളിലെ തടസ്സങ്ങൾ തീർപ്പാക്കാൻ അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതാണ്

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം
തൃശ്ശൂർ

## അനുബന്ധം1

# AUDIT CERTIFICATE

No.KSA.TSR(P3)1909/2016

Kerala State Audit Department

District Audit Office, Thrissur-680020
Phone: 0487 2331249

E-mail: dotsr.ksad@kerala.gov.in
Dated :17.11.2016

Certified that I have audited the Annual Financial Statement of Edavilangu Gramapanchayat in Thrissur District for the year ended on 31.03.2016 in accordance with Section 4 of the Kerala Local Fund Audit Act 1994, Section 215 of Kerala Panchayat Raj Act 1994, the Rules made there under and the guidelines issued by the Comptroller and Auditor General of India for the purpose of audit of accounts of Panchayat Raj Insittutions.

In my opinion, the Financial Statements of Edavilangu Grama Panchcyat for the year 2015-16 except the observations in my Audit Report properly presents the picture of income and expenditure.

1.Stock Report not prepared.
2.Budget not prepared on function functionary basis.
3.Amount as per Budget provision not included in A.C.R.
4.Provision for Debtors not created in A.F.S.

Deputy Director
District Audit Office,
Thrissur.

കെ.എസ്.എ-ടി.എസ്.ആർ. (പി3)1909/2016

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

ജില്ലാ ഓഡിറ്റ് കാര്യാലയം,
തൃശ്ശൂർ - 680 020

ഫോൺ- 0487 2331249

e-mail: dotsr.ksad@kerala.gov.in

തീയതി 17.11.2016

## ഓഡിറ്റ് സർട്ടിഫിക്കറ്റ്

1994- ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിലെ 4-ാം വകുപ്പ്, 1994- ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിന്റെ 215-ാം വകുപ്പ് ഇവ അനുസരിച്ചും, പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ്ട്രോളർ ആന്റ് ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾ അവലംബിച്ചും തൃശ്ശൂർ ജില്ലയിലെ എടവിലങ്ങ് ഗ്രാമപഞ്ചായത്തിന്റെ 2015-16 വർഷത്തെ വാർഷിക ധനകാര്യ പത്രിക സ്റ്റേറ്റുമെന്റ് പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ എന്റെ അഭിപ്രായത്തിൽ എടവിലങ്ങ് ഗ്രാമപഞ്ചായത്തിന്റെ 2015-16 വാർഷിക ധനകാര്യ പത്രിക, വരവ് ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

1) സ്റ്റോക്ക് റിപ്പോർട്ട് തയ്യാറാക്കിയിട്ടില്ല.
2) ബജറ്റ് ഫംഗ്ഷൻ – ഫംഗ്ഷനറി അടിസ്ഥാനത്തിലല്ല തയ്യാറാക്കിയിട്ടില്ല.
3) ബഡ്ജറ്റ് പ്രൊവിഷൻ പ്രകാരമുള്ള തുക സാംഖ്യ ഏ.സി.ആറിൽ രേഖപ്പെടുത്തിയിട്ടില്ല.
4) പിരിഞ്ഞ് കിട്ടാനുള്ള തുകയ്ക്ക് പ്രൊവിഷൻ രേഖപ്പെടുത്തിയിട്ടില്ല.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം
തൃശ്ശൂർ.